പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: T4945

30.06.2014 -ലെ മറുപടിയ്ക്ക്

ചിലവന്നൂർ കായൽ തീരത്ത് ഡി. എൽ. എഫ്. കെട്ടിട സമുച്ചയം പണിയുന്നതിന് അനുമതി

| ചോദ്യം<br>ശ്രീ.കെ. അജിത് | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) ചിലവന്നൂർ കായൽ തീരത്ത് ഡി.എൽ. എഫ്.-ൻെറ കെട്ടിട സമുച്ചയം പണിയുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) കായൽ തീരത്ത് കെട്ടിട സമുച്ചയം പണിയുന്നതിന് തീരദേശ സംരക്ഷണ നിയമം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) പ്രസ്തുത അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗം പരിഗണിച്ച ശേഷം ചില നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുവാനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിലേക്ക് നൽകിയിരുന്നു. |
| (സി) ചിലവന്നൂർ കായൽ തീരത്ത് തീരദേശ സംരക്ഷണ നിയമം ലംഘിച്ച് ഏതെങ്കിലും നിർമ്മാണ പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (സി) കൊച്ചി കോർപ്പറേഷൻെറ പല ഭാഗങ്ങളിലും തീരദേശ സംരക്ഷണ നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടക്കുന്നതു സംബന്ധിച്ച പരാതി തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്ഥല പരിശോധന നടത്തി അതോറിറ്റിയിൽ പരിഗണിയ്ക്കുന്നതിനായി റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ മൂന്നുപേരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ